കേരള പോലീസ്
KERALA POLICE

# “ആതുരമിത്രം” ചികിൽസാ സഹായ പദ്ധതി
# കണ്ണൂർ ജില്ലാ പോലീസ്



കണ്ണൂർ ജില്ലാ പോലീസ് പൊതുജനങ്ങൾക്കായി ആരംഭിച്ച ചികിൽസാ സഹായ പദ്ധതിയാണ് ആതുരമിത്രം. കാൻസർ, കിഡ്‌നി, കരൾ തുടങ്ങി ഗുരുതരമായ അസുഖങ്ങളാൽ ചികിൽസയിൽ കഴിയുന്ന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

18/11/2014 തീയ്യതി ആരംഭിച്ച ഈ പദ്ധതിയിലൂടെ 2017 മെയ്യ് മാസം വരെ **539** ആളുകൾക്ക് **52,38,000** രൂപ സഹായധനമായി അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലാ പോലീസ് മേധാവി ചെയർമാനായും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (സ്പെഷ്യൽ ബ്രാഞ്ച്) വൈസ് ചെയർമാനുമായുള്ള ഒരു കമ്മിറ്റിയാണ് ഇതിന്റെ ചുമതല വഹിക്കുന്നത്.

ജില്ലയിലെ മുഴുവൻ പോലീസുകാരിൽനിന്നും പ്രതിമാസം 100/- രൂപ സഹായധനമായി സ്വീകരിച്ച് കൊണ്ടാണ് ഈ പദ്ധതിക്കുള്ള പണം കണ്ടെത്തുന്നത്. ലഭിച്ചിട്ടുള്ള അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി എല്ലാ മാസവും ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (സ്പെഷ്യൽ ബ്രാഞ്ച്) നേതൃത്വം നൽകുന്ന സബ് കമ്മിറ്റിയാണ് അന്വേഷണം നടത്തി അർഹരായ ആളുകളെ കണ്ടെത്തുന്നത്.

ഒരിക്കൽ തള്ളിയ അപേക്ഷകൾ വീണ്ടും സ്വീകരിക്കുന്നതല്ല. സാമ്പത്തീക സഹായത്തിന് അർഹരായ ആളുകൾക്ക് 5,000/- രൂപ മുതൽ 15,000/- രൂപ വരെ പദ്ധതിയിലൂടെ സഹായധനമായി നൽകുന്നുണ്ട്.

ഈ സ്കീമിൽ അപേക്ഷിക്കുന്നതിന്

**ജില്ലാ പോലീസ് മേധാവി,**
**ആതുരമിത്രം ചികിൽസാ സഹായ പദ്ധതി,**
**ജില്ലാ പോലീസ് കാര്യാലയം, കണ്ണൂർ.**
**ഫോൺ നം. 0497 2763334**

**എന്ന വിലാസത്തിലോ, നേരിട്ടോ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**